# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 1921/11/12/2023/ TVM**

പരാതികക്ഷി : കെ.പ്രസന്നകുമാരി,എസ്.കെ.സദനം
തവരുകോണം,ചിലമ്പറ,മഞ്ചം കോട്
തിരുവനന്തപുരം

എതിർകക്ഷികൾ : സെക്രട്ടറി
മൈലച്ചൽ സർവ്വീസ് സഹകരണ കോ ഓപ്പറേറ്റീവ് ബാങ്ക്

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി മൈലച്ചൽ സഹകരണ ബാങ്കിൽ നിന്നും 23/07/2016 ൽ കാർഷിക വായ്പയായി 7 ലക്ഷം രൂപ എടുക്കുകയുണ്ടായതായും, കാലവർഷക്കെടുതി കാരണവും കോവിഡ് മഹാമാരി കാരണവും വായ്പതുക കൃത്യമായി അടയ്ക്കാൻ കഴിഞ്ഞിട്ടില്ലായെന്നും, ഇപ്പോൾ 14,04773/രൂപ കുടിശ്ശിക ഒടുക്കണമെന്ന് കാണിച്ച് ബാങ്ക് ജപ്തി നോട്ടീസ് നൽകിയിരിക്കുകയാണെന്നും, ബാങ്കിൽ ഈട് നൽകിയിരിക്കുന്ന വസ്തുവല്ലാതെ തനിക്ക് വേറെ ഭൂമിയൊന്നും ഇല്ലായെന്നും, ടി വായ്പയുടെ പലിശയും കൂട്ടു പലിശയും ഇളവു നൽകി കുടിശ്ശിക ഒറ്റതവണയായി അടക്കാനുള്ള ഉത്തരവ് ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ മൈലച്ചൽ സർവ്വീസ് സഹകരണ കോ ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരി 23.07.2016 ൽ 700000/-രൂപ വിവാഹ ആവശ്യത്തിനായി എടുത്തിരുന്നുവെന്നും, ടി വായ്പയിൽ 8723/-രൂപ മുതലിലും 11277/-രൂപ പലിശയിലും അടച്ചിട്ടുണ്ടെന്നും, ബാക്കി നിൽപ്പ് മുതൽ 691277/-രൂപയാണെന്നും. കേരള സർക്കാരിൻെറ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി പ്രകാരം 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെ വായ്പകാരായ അംഗങ്ങളെ വിവിധ തീയതികളിലായി ബാങ്കിൻെറ വിവിധ ശാഖകളിൽ വിളിപ്പിച്ച് അദാലത്തുകൾ സംഘടിപ്പിച്ചിരുന്നതായും, പരാതികക്ഷി 04.11.2022 ൽ ചെമ്പൂര് ബ്രാഞ്ചിൽ വച്ച് നടന്ന അദാലത്തിൽ വായ്പാമുതലും പലിശ, പിഴ പലിശ എന്നിവയിൽ നിന്ന് 4% കുറച്ച് തുകയും ആർബിട്രേഷൻ ചാർജ്ജായ

5000/-രൂപയും ഉൾപ്പെടെയുള്ള തുകയാണ് അടയ്ക്കാൻ ആവശ്യപ്പെട്ടതെന്നും, ടി കക്ഷി അദാലത്തിൽ പങ്കെടുത്ത് അറിയിച്ചത് വായ്പയ്ക്കായി പണയപ്പെടുത്തിയിട്ടുള്ള വസ്തു വിറ്റ് വായ്പ അടച്ചുകൊള്ളാമെന്നായിരുന്നുവെന്നും, എന്നാൽ സർക്കാർ പ്രഖ്യാപിച്ച തീയതിക്കുള്ളിൽ വായ്പ പലിശ അടച്ച് പുതുക്കാൻ ടിയാൾ തയ്യാറായിട്ടില്ലായെന്നും, നിലവിൽ കുടിശ്ശിക നിർമ്മാർജ്ജന യജ്ഞത്തിന്റെ നോട്ടീസ് ആണ് നൽകിയിട്ടുള്ളതെന്നും, ജപ്തി നോട്ടീസ് നൽകിയിട്ടില്ലായെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിച്ചു. ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള പരമാവധി ഇളവ് പരാതികക്ഷിക്ക് ലഭ്യമാക്കേണ്ടതാണെന്ന് മൈലച്ചൽ സർവ്വീസ് സഹകരണ കോ ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് മൈലച്ചൽ സർവ്വീസ് സഹകരണ കോ ഓപ്പറേറ്റീവ് ബാങ്ക്, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ. ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ